PROCEEDINGS
OF THE KERALA LEGISLATIVE ASSEMBLY

First Session—1970

Tuesday, the 20th January, 1970

Vol. XXVI] OFFICIAL REPORT [No. 7

LIBRARY ARCHIVES Kerala Legislative Assembly

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Tuesday, the 20th January 1970 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted Questions for the session)

ORAL ANSWERS

കശുവണ്ടി വ്യവസായം

* 43 [185] ശ്രീ. എം. കെ. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടിവ്യവസായത്തിലുള്ള കുടിവറുപ്പിനെപ്പറ്റി അന്വേഷിക്കാൻ ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്രകാലമായി;

(ഡി) റിപ്പോർട്ടിന്റെ ഉള്ളടക്കം വെളിപ്പെടുത്തുമോ ?

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ):

(എ) ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന കശുവണ്ടി ഫാക്ടറികളും ഉണ്ടോ എന്നും ലൈസൻസുള്ള ഫാക്ടറികൾതന്നെ ലേബർ നിയമങ്ങൾ പാലിക്കുന്നുണ്ടോ എന്നും അന്വേഷിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനു ഒരു കമ്മീഷനെ നിയമിച്ചിട്ടുണ്ട്.

(ബി, സി, ഡി) കമ്മീഷന്റെ റിപ്പോർട്ട് ഇതുവരെയും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. ദിവാകരൻ: കശുവണ്ടിത്തൊഴിലാളികളുടെ ക്ഷേമത്തെക്കുറിച്ചന്വേഷിക്കാൻ വേറെ ഏതെങ്കിലും കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ; അതിന്റെ റിപ്പോർട്ടു കിട്ടിയ വിവരമെന്തായി ?

ശ്രീ. പി. രവീന്ദ്രൻ: കൊല്ലത്തും പരിസരങ്ങളിലുമുള്ള കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികളുടെ സുരക്ഷിതത്വം, ക്ഷേമം എന്നിവയെ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് മറ്റൊരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടായിരുന്നു. ആ കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെൻറിനു ലഭിച്ചിട്ടുണ്ട്. അതു ഗവൺമെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: കുടിവെറുപ്പിനെ സംബന്ധിച്ചന്വേഷിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടെന്നു പറഞ്ഞു. എന്നാണ് ആ കമ്മിറ്റിയെ നിയോഗിച്ചത്. അതിനെസംബന്ധിച്ചുള്ള കൂടുതൽ വിവരം തരാൻ ദയവുണ്ടാകുമോ ?

ശ്രീ. പി. രവീന്ദ്രൻ: ലൈസൻസില്ലാതെ ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ടോ എന്നുള്ളതു പരിശോധിക്കുന്നതിനുവേണ്ടി ഒരു കമ്മീഷനെ നിയോഗിച്ചിട്ട് 6 മാസത്തോളമായി. കമ്മീഷന്റെ കാലാവധി 31-12-69-ൽ അവസാനിച്ചു. റിപ്പോർട്ട് ഒരാഴ്ചക്കകം കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ലൈസൻസില്ലാതെ ഫാക്ടറികൾ നടത്തുന്നുണ്ടോ എന്നുള്ളതുമാത്രം നോക്കാനായിരുന്നു നിയമിച്ചിരുന്നത്. അൺഓതറൈസ്ഡായി ലൈസൻസ് കൊടുത്തിട്ടുണ്ടോ എന്നന്വേഷിക്കാൻ കമ്മിറ്റിക്കധികാരമുണ്ടോ ?

ശ്രീ. പി. രവീന്ദ്രൻ: ടേംസ് ഓഫ് റഫറൻസിൽ ഇങ്ങനെയാണ് കാണുന്നത്. (1) To find out whether any licensed cashew factories are in existence, (2) How far the licensed cashew factories conform to the requirements in labour laws such as Factories Act, Minimum Wages Act, Payment of Wages Act etc., and (3) to make suitable recognitions on the matter to Government.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഫാക്ടറികൾക്ക് ലൈസൻസ് കൊടുക്കുന്ന സമയത്ത് ഫാക്ടറീസ് ആക്ടനുസരിച്ച് ഒരു ഫാക്ടറിയായിരിക്കാനുള്ള യോഗ്യതയുണ്ടോ; ആരോപണവിധേയമായ രീതിയിൽ കുടിവെറുപ്പുണ്ടോ; ശരിയായ വിധത്തിലാണോ ലൈസൻസ് കൊടുത്തത് ഇതൊക്കെ ഈ കമ്മിറ്റി പരിശോധിക്കുകയില്ലേ ?

ശ്രീ. പി. രവീന്ദ്രൻ: അങ്ങനെ കമ്മിറ്റി പരിശോധിച്ചതായി കാണുന്നില്ല. കുടിവെറുപ്പ് നടക്കുന്നു എന്ന് ഇപ്പോഴും പറയുന്ന മിക്കവാറും ഫാക്ടറികൾക്ക് ലൈസൻസ് കൊടുത്തിട്ടുണ്ട്. ഫാക്ടറീസ് ആക്ടിലെ എല്ലാ വകുപ്പുകളുമനുസരിച്ച് ആണോ അല്ലയോ എന്നു തീർത്തു പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: കുടിവെറുപ്പ് നിരോധിച്ചതിനു ശേഷം പിന്നീട് എത്ര കുടിലുകൾക്ക് ലൈസൻസ് കൊടുത്തിട്ടുണ്ടെന്നും, ലൈസൻസ് കൊടുത്തിട്ടുള്ളത് ഇറക്കുമതിക്കും കയറ്റുമതിക്കും ലൈസൻസുള്ള മുതലാളിമാർക്കാണോ എന്നും വ്യക്തമാക്കുമോ ?

ശ്രീ. പി. രവീന്ദ്രൻ: ഇതൊന്നും ഈ കമ്മിറ്റിയുടെ പരിശോധനക്ക് വിധേയമാക്കിയിരുന്നില്ല. അതുകൊണ്ട് ഇതിനെസംബന്ധിച്ച് വ്യക്തമായി പറയാൻ പ്രയാസമുണ്ട്.

ശ്രീ. കെ. കരുണാകരൻ: ഫാക്ടറീസ് ആക്ടനുസരിച്ചുള്ള ആനുകൂല്യങ്ങളും കൊടുക്കാതിരിക്കുന്നതിനുവേണ്ടി അതിൽനിന്നു രക്ഷപ്പെടാൻ ഏർപ്പെടുത്തിയ ഏർപ്പാടാണ് കുടിവെപ്പ്: അതുകൊണ്ട് കുടിവെപ്പിനു ലൈസൻസ് കൊടുക്കുന്ന അവസരത്തിൽ ഫാക്ടറീസ് ആക്ടുപ്രകാരമുള്ള ആനുകൂല്യം നഷ്ടപ്പെടുന്നു എന്നുള്ളത് പരിഗണിച്ച് ഇത്തരം ലൈസൻസുകളും കൊടുക്കാതിരിക്കാൻ നടപടികളും സ്വീകരിക്കുമോ ?

ശ്രീ. പി. രവീന്ദ്രൻ: ഒൺമാൻ കമ്മീഷന്റെ റിപ്പോർട്ടു കിട്ടിക്കഴിഞ്ഞാൽ ഇതിനെസംബന്ധിച്ച് വ്യക്തമായ തീരുമാനം എടുക്കാൻ കഴിയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

ശ്രീ. ടി. എ. മജീദ്: ഈ കമ്മിറ്റിയെ നിയമിച്ചതിനുശേഷം പുതുതായി ഫാക്ടറികൾക്കു ലൈസൻസ് കൊടുത്തിട്ടുണ്ടോ എന്നും അങ്ങനെ കൊടുത്തിട്ടുണ്ടെങ്കിൽ എത്രയെണ്ണത്തിന് കൊടുത്തിട്ടുണ്ടെന്നും പറയാമോ ?

ശ്രീ. പി. രവീന്ദ്രൻ: എത്രയെണ്ണത്തിനു കൊടുത്തു എന്ന് വ്യക്തമായി പറയാൻ നിവൃത്തിയില്ലെങ്കിൽ കമ്മീഷനെ നിയമിച്ചുകഴിഞ്ഞതിനുശേഷം ചില ഫാക്ടറികൾക്ക് ലൈസൻസ് കൊടുത്തു എന്നു പരാതി കിട്ടിയിട്ടുണ്ട്. ആ പരാതിയെസംബന്ധിച്ച് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. പി. ഗംഗാധരൻ: കുടിവെപ്പു നിരോധനത്തിനുശേഷം ലൈസൻസില്ലാതെ കുടിവെപ്പു നടത്തിയ ഏതെങ്കിലും നടപടിയിൽ ആക്ഷേപം കിട്ടിയിട്ടുണ്ടോ; പരിശോധിച്ചിട്ടുണ്ടോ; നടപടികളും എടുത്തിട്ടുണ്ടോ ?

ശ്രീ. പി. രവീന്ദ്രൻ: കുടിവെപ്പുശാലകളെന്നു പറയുന്നതിനെല്ലാം ഇപ്പോൾ ലൈസൻസുണ്ടെന്നാണ് അവർ പറയുന്നത്. ലൈസൻസ് കൊടുത്തതിൽ എന്തെങ്കിലും പിശകുണ്ടോ എന്ന് ഒൺമാൻ കമ്മീഷന്റെ റിപ്പോർട്ടു വരുമ്പോൾ വ്യക്തമാക്കാം.

ശ്രീ. പി. ഗംഗാധരൻ: ആരുടെയെങ്കിലും പേരിൽ നടപടി എടുത്തിട്ടുണ്ടോ ?

ശ്രീ. പി. രവീന്ദ്രൻ: അങ്ങനെ നടപടി എടുത്തതായി അറിവില്ല.

ശ്രീ. എം. കൃഷ്ണൻ: ഈ കമ്മീഷന്റെ പ്രെയർമാന്റെ പേരു പറയാമോ ?

ശ്രീ. പി. രവീന്ദ്രൻ: ഒൺമാൻ കമ്മീഷനാണ്. ബി. അപ്പുക്കുട്ടൻ നായർ, ചീഫ് ഇഞ്ചിനീയർ, പബ്ലിക് ഹെൽത്ത് ഇഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റ്.

ശ്രീ. ടി. കെ. കൃഷ്ണൻ: കുടിവെപ്പ് നിരോധിച്ചതിനുശേഷം എന്തു സാഹചര്യത്തിലാണ് ലൈസൻസ് കൊടുത്തിട്ടുള്ളത് ?

ശ്രീ. പി. രവീന്ദ്രൻ: കുടിവെപ്പ് നിരോധനനിയമം പാസായതിനുശേഷം ലൈസൻസ് കൊടുത്തതിനെസംബന്ധിച്ച് ഈ നിയമസഭയിൽ ശക്തി

LIBRARY ARCHIVES Kerala Legislative Assembly

യായ ആക്ഷേപം ഉണ്ടായിട്ടുള്ളതാണ്. ഫാക്ടറീസ് ആക്ടനുസരിച്ചുള്ള എല്ലാ നിബന്ധനകളും ആവശ്യാനുസരണംതന്നെ ലൈസൻസ് കൊടുത്തു എന്നുള്ളതായിരുന്നു ആക്ഷേപം. ഒൺമാൻ കമ്മീഷന്റെ റിപ്പോർട്ടു വരുമ്പോഴേ ഇക്കാര്യങ്ങളെല്ലാം വ്യക്തമായി മനസിലാക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ജി. ഗോപിനാഥൻപിള്ള: ഏകാംഗകമ്മീഷന്റെ റിപ്പോർട്ട് എന്നത്തേക്ക് സമർപ്പിക്കണമെന്നാണ് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുള്ളത്.

ശ്രീ. പി. രവീന്ദ്രൻ: 12-6-69-ലാണ് കമ്മീഷനെ നിയമിച്ചത്. മൂന്നുമാസക്കാലത്തേക്കായിരുന്നു നിയമിച്ചത്. പിന്നീട് അതിന്റെ കാലാവധി 31-12-69-വരെ നീട്ടി. അതിനുശേഷം നീട്ടിക്കൊടുത്തിട്ടില്ല. ഒൺമാൻ കമ്മീഷൻ ഒരാഴ്ചയ്ക്കകം റിപ്പോർട്ട് തരാമെന്ന് എന്നെ അറിയിച്ചിട്ടുണ്ട്.

ഡീറെഗുലേഷൻ

*44. (186) ശ്രീ. പി. കെ. കുഞ്ഞച്ചൻ :
,, ഈ. പി. കൃഷ്ണൻ നമ്പ്യാർ :
,, പാലൊളി മുഹമ്മദുകുട്ടി :
,, ടി. എം. മീതീയൻ :
,, ടി. കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ കോളേജുകളിൽ നിലവിലുള്ള ഡീറെഗുലേഷൻ എടുത്തുകളയുന്നതിനു ഗവൺമെന്റ് തീരുമാനം എടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത തീരുമാനത്തിനെതിരായി കോഴിക്കോട് സർവകലാശാല സിൻഡിക്കേറ്റ് ഡീറെഗുലേഷൻ നടപ്പിലാക്കുന്നതിനു തീരുമാനമെടുത്തത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിൽ എന്തു നടപടി സ്വീകരിച്ചു ?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് ദ്വിവൽസര കോഴ്സിന്റെയും, ത്രിവൽസരകോഴ്സിന്റെയും അവസാനം ഹാജർ കുറവ്, ഗുരുതരമായ സ്വഭാവദൂഷ്യം എന്നീ കാരണങ്ങളാലല്ലാതെ ഡീറെഗുലേഷൻ ആവശ്യമില്ലെന്നു തീരുമാനിച്ചിട്ടുണ്ട്.

(ബി, സി) വിവരം ശേഖരിച്ചുവരുന്നു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : വിദ്യാർത്ഥികൾ ദീർഘകാലമായി സമരം ചെയ്തു നേടിയെടുത്തിട്ടുള്ള അവകാശങ്ങൾ ഡീറെഗുലേഷൻ അവസാനിപ്പിക്കുകയെന്നുള്ളത്. ഈ അവകാശം ഏതെങ്കിലും യൂണിവേഴ്സിറ്റി നിഷേധിക്കുന്നതു ശരിയെന്നാണോ ഗവൺമെന്റിന്റെ അഭിപ്രായം ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : ഇതേപ്പറ്റി അങ്ങനെയൊരു അഭിപ്രായം പറയുന്നത് ശരിയായിരിക്കുകയില്ല. തീരുമാനിച്ചോ എന്നുള്ളതുതന്നെ വ്യക്തമല്ല.

ശ്രീ. ഈ. പി. കൃഷ്ണൻ നമ്പ്യാർ : വിദ്യാർത്ഥിലോകത്തു മാത്രമല്ല പുരോഗമനാഭിപ്രായഗതിയുള്ള എല്ലാ ആളുകളും ഈ ഡീറെഗുലേഷൻ സമ്പ്രദായം

LIBRARY ARCHIVES Kerala Legislative Assembly